# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചൊക്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1637/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 16/02/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൊക്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എൻ.ആർ/സി.9/1637/2022 തീയ്യതി: 16/02/2023

## കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 06-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 28 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.രാജിലൻ..എം.സി | ഡെപ്യൂട്ടി ഡയറക്ടർ | 07-11-2022 | 17-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-11-2022 | 17-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ.എം, ഓഡിറ്റ് ഓഫീസർ
ശ്രീ. ഷിജു.എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. ഉഷ. എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. ഗോകുൽ. ഡി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. രമ്യ. സി.കെ | പ്രസിഡന്റ് | 01-04-2021 | 13-12-2021 |
| ശ്രീ. ചന്ദ്രൻ.എൻ | പ്രസിഡന്റ് | 14-12-2021 | 31-03-2022 |
| ശ്രീ. സന്തോഷ് കുമാർ.കെ | സെക്രട്ടറി | 01-04-2021 | 12-07-2021 |
| ശ്രീമതി. റിജി രാജ്. ഒ.സി, ജൂനിയർ സുപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-07-2021 | 29-07-2021 |
| ശ്രീ. സന്തോഷ് കുമാർ.കെ | സെക്രട്ടറി | 30-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. പ്രേമലത.കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 20-07-2021 |
| ശ്രീമതി. റിജി രാജ്. ഒ.സി, ജൂനിയർ സുപ്രണ്ട് | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ് | 21-07-2021 | 02-08-2021 |
| ശ്രീമതി. കല. ബി | അസിസ്റ്റന്റ് സെക്രട്ടറി | 03-08-2021 | 31-03-2022 |
| ശ്രീമതി. ഫ്ലാവിയ ജോർജ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 04-08-2021 |
| ശ്രീ. ആനന്ദൻ. പി.വി | അസിസ്റ്റന്റ് എഞ്ചിനീയർ | 05-08-2021 | 31-03-2022 |
| ശ്രീമതി. അശ്വതി വിജയൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. ജസീർ. കെ.പി | വി.ഇ.ഒ, ഒളവിലം സർക്കിൾ | 01-04-2021 | 31-03-2022 |
| ശ്രീ. ബിജീഷ്. എൻ.കെ | വി.ഇ.ഒ, നെട്ടൂർ സർക്കിൾ | 01-04-2021 | 31-03-2022 |
| ഡോ. അമൃത കല | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ഷോണ. എസ്.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 02-09-2021 |
| ഡോ. ടീന ക്ലീറ്റസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 03-09-2021 | 09-11-2021 |
| ഡോ. ഷോണ. എസ്.ആർ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 10-11-2021 | 31-03-2022 |
| ഡോ. ചന്ദ്രശേഖരൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി. ബിന്ദു. പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 11-11-2021 |
| ശ്രീമതി. ബിന്ദു. കെ.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12-11-2021 | 31-03-2022 |
| ശ്രീമതി. പ്രവീണ.എ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-08-2021 |
| ശ്രീമതി. ഷിബിന. എ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-09-2021 | 31-03-2022 |
| ശ്രീമതി. സരിത. കെ.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകങ്ങൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | ഗ്രാമസഭ | 1-10 |
| 12 | മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക (56,496/- രൂപ) ഈടാക്കൽ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-11 |
| 13 | ടൂറിസം പദ്ധതിയിൽ നിന്ന് വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-12 |
| 14 | ലൈസൻസ് ഇല്ലാതെ പട്ടികളെ വളർത്തുന്നില്ലെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 15 | സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു | 1-14 |
| 16 | ഭിന്നശേഷി സ്കോളർഷിപ്പ് - അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല. | 1-15 |
| 17 | ശുചിത്വ കിണർ നിർമ്മാണം- വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ₹126000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിട്ടുമ്പ്രം സർക്കിൾ നടപ്പിലാക്കിയ പദ്ധതികൾ -രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹725000 തടസ്സപ്പെടുത്തുന്നു | 1-17 |
| 19 | ലൈഫ് ഭവന പദ്ധതി(എസ്.സി/എസ്.ടി ഫിഷറീസ്) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-18 |
| 20 | പാലാഴിതോട്-നടക്കൽ റോഡിലെ ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. | 1-19 |
| 21 | തുടർ സാക്ഷരത പ്രവർത്തനങ്ങൾ - രേഖകൾ ഹാജരാക്കാത്തത് | 1-20 |
| 22 | തനത് ഫണ്ടിൽ നിന്നും പ്രേരക് മാർക്ക് നൽകിയ ഓണറേറിയം- | 1-21 |

| | | |
|---|---|---|
| | സാക്ഷരതമിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. | |
| 23 | ഹോമിയോ മരുന്നുകൾ പൂർണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. | 1-22 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകൾ ലഭ്യമാക്കിയിട്ടില്ല - 156250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | റിംഗ് കംപോസ്റ്റ് സ്ഥാപിക്കൽ- ആദായനികുതി ഈടാക്കി അടവാക്കിയിട്ടില്ല. | 1-24 |
| 26 | പി എച്ച് സി ക്ക് മരുന്ന് വാങ്ങൽ-കൃത്യമായ വിവരം ലഭ്യമല്ല | 1-25 |
| 27 | വയോജന പാർക്ക് -മുറിച്ചുമാറ്റിയ മരത്തിന്റെ വിവരങ്ങളില്ല | 1-26 |
| 28 | രയരോത്ത് താഴെ നാമത്തു മുക്ക് റോഡ് ടാറിങ്-രേഖകൾ ലഭ്യമാക്കിയിട്ടില്ല-₹245007യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്റ്റുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 4 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചൊക്ലി ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 16-02-2021 തീയതിയിലെ 50/21 തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 02-03-2022 ലെ 1/1//22 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 4835859 | 12928276 |
| വരവ് | 159518000 | 195074145 |
| ആകെ | 164353859 | 208002421 |
| ചെലവ് | 160792424 | 203170127 |
| നീക്കിയിരിപ്പ് | 3561435 | 4832294 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 23-06-2022 | തിരിച്ചയച്ചിട്ടില്ല | - |

## 1-2-1 വാർഷിക കണക്കിലെ അപാകങ്ങൾ

1) ഇൻകം&എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ I-12 (B) ഷെഡ്യൂളിലെ Drinking Water Source (Open Well,Bore Well Etc.) , Sanitation Expences എന്നീ ഇനങ്ങളിലെ തുകകളും റസീറ്റ് &പെയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-13 ഷെഡ്യൂളിലെ ഈ ഇനങ്ങളിലെ തുകകളും വ്യത്യസ്തമാണ്.

2) കാലികമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

4) ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവ് ചെയ്യേണ്ടതിന് പകരം തനത് ഫണ്ടിൽ നിന്ന് തെറ്റായി ചെലവ് ചെയ്ത 24990 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടില്ല.

5) ഗ്രാമ പഞ്ചായത്തിലെ സ്ഥിരജീവനക്കാരുടെ ശമ്പളാനുകൂല്യങ്ങളുടെ കുടിശ്ശിക മാത്രമാണ് 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2021-22 മാർച്ച് മാസത്തെ ജനപ്രതിനിധികളുടെ ഓണറേറിയത്തിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.

6) ധനകാര്യപത്രികകളിലെ തുകകൾ പൂർണ്ണരൂപയിൽ രേഖപ്പെടുത്തണമെന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(4) ലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

7) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62(F) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14832524.99 |
| വരവ് | 77541293 |
| ആകെ | 92373817.99 |
| ചെലവ് | 76821049 |
| നീക്കിയിരിപ്പ് | 15552768.99 |
| വരവിനങ്ങളിലെ നഷ്ടം | 0 |

| | |
|---|---|
| ചെലവിനങ്ങളിലെ നഷ്ടം | 0 |
| തടസ്സപ്പെടുത്തിയ തുക | 1252257 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 15545000 | 15545000 | 15363009 | 181991 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1194452 | 1194452 | 1174000 | 20452 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 8104000 | 8104000 | 5649715 | 2454285 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5924814 | 5924814 | 5180605 | 744209 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. (ടൈഡ് ) | 0 | 6787207 | 6787207 | 2059197 | 4728010 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്. ( അൺ ടൈഡ് ) | 0 | 4306768 | 4306768 | 3963165 | 343603 |
| എം.ജി.എൻ.ആർ.ഇ.ജി .എസ് | 909.35 | 26778120 | 26779029.35 | 26777788 | 1241.35 |
| സാക്ഷരത | 12391.14 | 364 | 12755.14 | 0 | 12755.14 |
| ഐ.സി.ഡി.എസ് | 0 | 851952 | 851952 | 851952 | 0 |
| ശുചിത്വ മിഷൻ | 1183939 | 374000 | 1557939 | 1387939 | 170000 |
| ടി.എസ്.സി | 235978 | 0 | 235978 | 0 | 235978 |
| എസ്.ജി.എസ്.വൈ | 287232 | 0 | 287232 | 0 | 287232 |
| ദാരിദ്ര ലഘൂകരണം-കേന്ദ്ര വിഹിതം | 39700 | 0 | 39700 | 0 | 39700 |
| ബഡ്സ് സ്കൂൾ ഗ്രാന്റ് | 786750 | 465050 | 1251800 | 786750 | 465050 |
| സാംസ്കാരിക വകുപ്പ്-മൊയ്യാരം ആർട്ട് ഗാലറി | 0 | 5000000 | 5000000 | 0 | 5000000 |
| തെയ്യം കലാ അക്കാദമി ഗ്രാന്റ് | 2500000 | 0 | 2500000 | 1033438 | 1466562 |
| വിമുക്തി | 23510 | 0 | 23510 | 0 | 23510 |
| ജില്ലാ ലീഗൽ സർവീസ് അതോറിറ്റി ഗ്രാന്റ് | 0 | 30000 | 30000 | 0 | 30000 |
| കില ട്രെയിനിങ്ങ് | 11050 | 11875 | 22925 | 11875 | 11050 |
| ലൈഫ് മിഷൻ | 0 | 160000 | 160000 | 40000 | 120000 |
| അങ്കണ വാടികൾക്ക് ബോർഡ് | 54000 | 0 | 54000 | 39200 | 14800 |
| ജലനിധി | 10000 | 0 | 10000 | 0 | 10000 |
| ബഡ്സ് സ്കൂൾ ഗ്രാന്റ്,കുടുംബശ്രീ | 1979 | 0 | 1979 | 0 | 1979 |
| നഗര സഞ്ചയം | 800000 | 0 | 800000 | 0 | 800000 |
| ആർ.എസ്.ബി.വൈ/ ചിസ് | 30732 | 0 | 30732 | 0 | 30732 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാ | പദ്ധതി | ഭാഗികമായി | നടപ്പാക്കാ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | ക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ത്തവ (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 80154649 | 116 | 47638370 | 7 | 34 | 73 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 6 | 1572150 | 1527090 | 97.13 |
| വെറ്റിനറി സർജ്ജൻ | 6 | 4 | 1525089 | 1307750 | 85.75 |
| മെഡിക്കൽഓഫീസർ, പി.എച്ച്. സി | 10 | 10 | 5810926 | 5369358 | 92.40 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 3 | 1 | 325000 | 250000 | 76.92 |
| ഫിഷറീസ് സബ് ഇൻസ്പക്ടർ | 4 | 3 | 3093200 | 602075 | 19.46 |
| വി.ഇ.ഒ, നെടുമ്പ്രം സർക്കിൾ | 10 | 9 | 4460550 | 3541560 | 79.4 |
| വി.ഇ.ഒ, ഒളവിലം സർക്കിൾ | 12 | 12 | 9795723 | 5016807 | 51.21 |
| ഐസിഡിഎസ് സൂപ്പർവൈസർ | 7 | 6 | 5221000 | 4286612 | 82.10 |
| സെക്രട്ടറി | 30 | 22 | 19138838 | 9106985 | 47.58 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 56 | 39 | 26902598 | 14525338 | 53.99 |
| അസിസ്റ്റന്റ് സെക്രട്ടറി | 3 | 2 | 1761575 | 1556795 | 88.38 |
| ഡയറി ഫാം ഇൻസ്പക്ടർ | 2 | 2 | 548000 | 548000 | 100 |
| ആകെ | 150 | 116 | 80154649 | 47638370 | 59.43 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 909.35 | 582508 | 583417.35 | 582176 | 1241.35 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 26195612 | 26195612 | 26195612 | 0 |
| ആകെ | 909.35 | 26778120 | 26779029.35 | 26777788 | 1241.35 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2186000 | 135 |

| | | |
|---|---|---|
| വിധവാപെൻഷൻ | 16126500 | 1039 |
| വാർദ്ധക്യകാലപെൻഷൻ | 35451700 | 2470 |
| വികലാംഗപെൻഷൻ | 5131000 | 330 |
| അവിവാഹിത പെൻഷൻ | 2916800 | 183 |
| വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-11-2022 തീയതിയിൽ 12.45 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6229 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. വിവിധ സെക്ഷനുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും നിർണയിച്ചുകൊണ്ടുള്ള വിശദമായ ജോലി വിഭജനരേഖ തയ്യാറാക്കിയിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്യുന്നുണ്ട്. സ്റ്റാഫ് മീറ്റിങ്ങുകൾ ചേർന്ന് ഓഫീസിന്റെ പ്രവർത്തനം വിലയിരുത്തുകയും അപാകങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നല്കുകയും ചെയ്തിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകളിൽ നികുതികൾ പിരിച്ചെടുക്കുന്നതിലെ പുരോഗതിയും, ഫ്രണ്ട് ഓഫീസിന്റെ പ്രവർത്തനവും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുകയും പൊതുജനങ്ങൾക്ക് കാലതാമസമില്ലാതെ സേവനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.

## 1-10 ഗ്രാമസഭ

കോവിഡ് രോഗ വ്യാപനമുള്ളതിനാൽ ഗ്രാമ പഞ്ചായത്തിലെ 17 വാർഡുകളിലും 2021-22 വർഷം 2021 നവംബർ,2022 ജനവരി മാസങ്ങളിലായി രണ്ട് തവണ മാത്രമാണ് ഗ്രാമസഭ യോഗം ചേർന്നത്. കേരഗ്രാമ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2021 ഒക്ടോബർ മാസത്തിൽ കേര കർഷകരുടെ പ്രത്യേക ഗ്രാമസഭയും ചേർന്നിട്ടുണ്ട്. 2022-23 പദ്ധതി രൂപീകരണം, 2021-22 വാർഷിക പദ്ധതി അവലോകനം, 2021-22 വാർഷിക പദ്ധതി ഗുണഭോക്താക്കളുടെ മുൻഗണന പട്ടിക അംഗീകരിക്കൽ, അതിദരിദ്രരുടെ പട്ടിക അംഗീകരിക്കൽ എന്നിവയാണ് ഗ്രാമസഭകളിലെ പ്രധാന അജണ്ട.

## 1-11 മൊബൈൽ ടവറിന്റെ വസ്തു നികുതി കുടിശ്ശിക (56,496/- രൂപ) ഈടാക്കൽ- തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്

മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം. 19/2011/തസ്വഭവ പ്രകാരം തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണയിച്ച് ഈടാക്കേണ്ടതാണ്. ചൊക്ലി ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന 3/356 നമ്പർ ടവറിന്റെ വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയയിൽ പരിശോധിച്ചപ്പോൾ 2018-19 മുതൽ 2021-22 സാമ്പത്തിക വർഷം വരെ വസ്തു നികുതി കുടിശ്ശികയിനത്തിൽ 56,496 /- രൂപ പഞ്ചായത്തിന് ലഭിക്കാനുണ്ട് .

| ടവറിന്റെ നമ്പർ | ഉടമയുടെ വിലാസം | സഞ്ചയ പ്രകാരമുള്ള വാർഷിക നികുതി | നികുതി കുടിശ്ശിക |
|---|---|---|---|
| 3/356 | മാനേജർ<br>ഡിഷ് നെറ്റ് വയർലെസ്സ് ലിമിറ്റഡ്<br>എയർസെൽ<br>ആർ ആർ ആർക്കേഡ്<br>കൊച്ചി | 14124 | (2018-19 സാമ്പത്തിക വർഷം മുതൽ 2021-22 സാമ്പത്തിക വർഷം വരെ)<br><br>14124*4 = 56,496 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 3/10.11.2022) മേൽ മൊബൈൽ ടവർ ഉടമ പ്രസ്തുത സാമ്പത്തിക വർഷങ്ങളിലെ നികുതി ഒടുക്കാത്തതിനാൽ ഫസ്റ്റ് ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുൻപാകെ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ട്(കേസ് നം.എസ് ടി സി 488/19 , എസ് ടി സി 324/21 , എസ് ടി സി 380/22) എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ പ്രോസിക്യൂഷൻ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ശ്രദ്ധ പുലർത്തേണ്ടതും വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്.

## 1-12 ടൂറിസം പദ്ധതിയിൽ നിന്ന് വരുമാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16-06-2020 ലെ സ.ഉ(സാധാ)നം-1159/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ചൊക്ലി ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനും ടൂറിസം പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ചൊക്ലി ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായ 170.88 സെന്റ് സ്ഥലം, ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനത്തിന്റെ നിശ്ചിത പങ്ക് ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ് എന്ന ഉപാധിയോടെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് പദ്ധതി നടത്തിപ്പിനായി വിനോദ സഞ്ചാര വകുപ്പിന് കൈമാറുന്നതിനായി അനുമതി നല്കിയിരുന്നു. ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനം പങ്കിടുന്നത് സംബന്ധിച്ച് ഗ്രാമ പഞ്ചായത്തും വിനോദ സഞ്ചാര വകുപ്പുമായി കരാറിലേർപ്പെടേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ( 25/16-11-2022) ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനം പങ്കിടുന്നത് സംബന്ധിച്ച് വിനോദ സഞ്ചാര വകുപ്പുമായി കരാറിലേർപ്പെട്ടിട്ടില്ലെന്നും, പുഴയോര പാർക്കിന്റെ നിർമ്മാണം പൂർത്തിയാകാത്തതിനാൽ ടൂറിസം പദ്ധതിയിൽ നിന്ന് ഗ്രാമ പഞ്ചായത്തിന് വരുമാനമൊന്നും ലഭ്യമായിട്ടില്ലെന്നും മറുപടി നല്കിയിട്ടുണ്ട്. ടൂറിസം പദ്ധതിയിൽ നിന്നുള്ള വരുമാനം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെട്ട് പോകാതിരിക്കാനായി വരുമാനം പങ്കിടുന്നത് സംബന്ധിച്ച് വിനോദ സഞ്ചാര വകുപ്പുമായി കരാറിലേർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഈ വിഷയം ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് അടിയന്തിര തുടർനടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 ലൈസൻസ് ഇല്ലാതെ പട്ടികളെ വളർത്തുന്നില്ലെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1998 കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും ,പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 4(1)പ്രകാരം പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരാളും അങ്ങനെയുള്ള ഓരോ മൃഗത്തെയും വളർത്തുന്നതിനും കൈവശം വയ്ക്കുന്നതിനും ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 4(6)പ്രകാരം ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് അടുത്ത സാമ്പത്തിക വർഷത്തേക്ക് പത്ത് രൂപ ഫീസ് സഹിതം അപേക്ഷിച്ച് ലൈസൻസ് പുതുക്കി വാങ്ങേണ്ടതുമാണ്. ചട്ടം 5 പ്രകാരം ലൈസൻസ് ഇല്ലാതെയും ലൈസൻസ് വ്യവസ്ഥകൾക്ക് വിരുദ്ധമായും പട്ടി, പന്നി എന്നിവ വളർത്തുന്നുണ്ടെങ്കിൽ 250/-രൂപ വരെ പിഴ ശിക്ഷ ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചപ്പോൾ 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത ചുവടെ പറയുന്ന വ്യക്തികൾ 2019-20 മുതൽ 2021-22 സാമ്പത്തിക വർഷം വരെ പ്രസ്തുത ലൈസൻസ് പുതുക്കിയതായി കാണുന്നില്ല

| ക്രമ നം | ഉടമയുടെ പേര് | പട്ടികളുടെ എണ്ണം |
|---|---|---|
| 1 | സജേഷ്.കെ.കെ,സജേഷ്നിവാസ്, നിടുമ്പ്രം,ചൊക്ലി | 5 |
| 2 | കെ.ഗോകുലൻ,ശ്രീലക്ഷ്മി നിടുമ്പ്രം,ചൊക്ലി | 1 |
| 3 | രാമകൃഷ്ണൻ.ടി, ശ്രീനിലയം മേക്കര വീട്ടിൽ താഴെ | 1 |
| 4 | നിമിത.സി.കെ, ഹരിതം ഗ്രാമത്തി,ചൊക്ലി | 1 |

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് അന്വേഷണത്തിന്(നം.28/17.11.2022) കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പ്രസ്തുത വ്യക്തികൾ നിന്ന് 2019-20 മുതൽ 2021-22 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ ലൈസൻസ് എടുപ്പിക്കാൻ സാധിച്ചിട്ടില്ല എന്നും 2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് എടുപ്പിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

ലൈസൻസ് പുതുക്കാതെ 2019-20 മുതൽ 2021-22 വർഷം വരെ പട്ടികളെ വളർത്തിയ മേൽ പറഞ്ഞിരിക്കുന്ന

വ്യക്തികളിൽ നിന്നും 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരമുള്ള പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് പരിധിയിൽ പട്ടി, പന്നി എന്നിവ കൈവശത്തിലോ നിയന്ത്രണത്തിലോ ഉള്ള ഏതൊരു വ്യക്തിയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-14 സർക്കാർ ഉത്തരവ് പാലിക്കാതെ ആർജിതാവധി സറണ്ടർ അനുവദിച്ചു

ജി.ഒ.(പി) 152/2020/ഫിൻ തീയതി 05-11-2020 ഉത്തരവിൽ ജീവനക്കാരുടെ ലീവ് സറണ്ടർ ആനുകൂല്യം 01-06-2021 മുതലേ അനുവദിക്കുകയുള്ളുവെന്ന് പരാമർശിച്ചിട്ടുണ്ടെങ്കിലും ജി.ഒ.(പി) 104/2021/ഫിൻ തീയതി 26-07-2021 പ്രകാരം 01-06-2021 മുതൽ സറണ്ടർ ആനുകൂല്യം അനുവദിക്കുന്നത് 6 മാസത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ആയത് പരിഗണിക്കാതെ താഴെ പറയുന്ന ജീവനക്കാർക്ക് ലീവ് സറണ്ടർ അനുവദിച്ചിട്ടുണ്ട്.

| പേര് | ഉദ്യോഗപേർ | വൗച്ചർ നമ്പർ തീയതി | അനുവദിച്ച തുക |
|---|---|---|---|
| പ്രേമലത.കെ | അസിസ്റ്റന്റ് സെക്രട്ടറി | 22100138/ 3.6.21 | ₹74148 |
| റിജിരാജ്.ഒ.സി | ജൂനിയർ സൂപ്രണ്ട് | | ₹59829 |
| സുധീഷ് പി.കെ | സീനിയർ ക്ലർക്ക് | | ₹49395 |
| സുരേഷ് ബാബു.കെ | സീനിയർ ക്ലർക്ക് | | ₹49395 |
| ഷജിത്ത് | സീനിയർ ക്ലർക്ക് | | ₹48174 |
| ഷാജി | ക്ലർക്ക് | | ₹43623 |
| രത്തീഷ് വി.കെ | ക്ലർക്ക് | | ₹31909 |
| പ്രീത ചെമ്പൻ | ക്ലർക്ക് | | ₹30304 |
| സിദ്ധിക്ക് കെ.പി | അക്കൗണ്ടന്റ് | 22100152/8.6.21 | ₹53058 |
| സന്തോഷ് കുമാർ .കെ | സെക്രട്ടറി | 22100151/8.6.2021 | ₹83694 |

സർക്കാർ ഉത്തരവിന് അനുസൃതമല്ലാതെ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ- 10 /11.11.2022) ലീവ് സറണ്ടർ അനുവദിക്കുന്നതിൽ മുൻ കാല പ്രാബല്യത്തോട് കൂടി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് ഉണ്ടാകുന്നത് 26-7-21 തീയതിയിലാണെന്നും ആയതിനാൽ ലീവ് സറണ്ടർ ആനുകൂല്യം അനുവദിച്ച നടപടി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമല്ലെന്നും അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ സംബന്ധിച്ച് പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന് ട്രഷറി വകുപ്പ് ഡയറക്ടർ 31.05.2021ലെ TRY/1850/2021-E1 കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ലീവ് സറണ്ടർ സംബന്ധിച്ച് സർക്കാറിന്റെ തുടർ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-15 ഭിന്നശേഷി സ്കോളർഷിപ്പ് - അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് അനുവദിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി ഡി.എസ് സൂപ്പർവൈസർ, |
| പ്രോജക്ട് നം / പേര് | 81/22 ഭിന്നശേഷി സ്കോളർഷിപ്പ് |
| അടങ്കൽ | 1090000(വികസന ഫണ്ട്(ജനറൽ)<br>400000ബ്ലോക്ക് പഞ്ചായത്ത് |

| | |
|---|---|
| | 400000 ജില്ലാ പഞ്ചായത്ത് |
| ആകെ | 1890000 |
| ചെലവ് | 1089800 (വികസന ഫണ്ട്(ജനറൽ)<br>400000(ജില്ലാ പഞ്ചായത്ത് ) |
| ആകെ | 1489800 |
| ബിൽ നമ്പർ,തീയതി | 2122035200950098 5747,21.1.22,₹446000<br>2122035200950139 4529,21.3.22 ₹190000<br>2/22,23.7.21 ₹ 453800<br>ചെക്ക് -3414421 ,9.2.22 ₹400000 |

ഭിന്നശേഷി സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം ഗ്രാമ പഞ്ചായത്തിലെ 84 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിച്ചിട്ടുണ്ട് . പ്രോജക്റ്റുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകളുണ്ട് .

1. ഗ്രാമ പഞ്ചായത്തിലെ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമായി ബന്ധപ്പെട്ട് സ.ഉ(സാധാ) നമ്പർ 2465/2016 തീയ്യതി 17-08-16 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല.

2. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നല്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തതിനാൽ (ക്ലാസ്, ഡിസെബിലിറ്റി എന്നിവ രേഖപ്പെടുത്തിയത് ) എത്ര പേർക്കാണ് ആനുകൂല്യം അനുവദിച്ചതെന്നും ഓരോ വിദ്യാർത്ഥിക്കും അർഹമായ മുഴുവൻ തുകയും ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

3. സബ്സിഡി മാർഗ്ഗരേഖ 7-1-6 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് 28500 രൂപ ധനസഹായം അനുവദിക്കാവുന്നതാണ്.എന്നാൽ വ്യത്യസ്ത നിരക്കിലാണ് സ്കോളർഷിപ്പ് അനുവദിച്ചിട്ടുള്ളത്.

4. മേൽ പദ്ധതി പ്രകാരം ₹400000 ബ്ളോക്ക് പഞ്ചായത്ത് വിഹിതം വകയിരുത്തിയിരുന്നെങ്കിലും തുക ലഭിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( 27/17-11-22) ആവശ്യമായ ഫണ്ട് അനുവദിച്ച് കിട്ടാത്തതിനാൽ ₹ 18500 മാത്രമാണ് നൽകിയതെന്നും 2022-23 സാമ്പത്തിക വർഷത്തിൽ ബാലൻസ് തുകയായ ₹10000യും ചേർത്ത് ₹28500 നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ആനുകൂല്യം അനുവദിക്കുന്നതിന് ആവശ്യമായ തുക പ്രോജക്റ്റിൽ വകയിരുത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 ശുചിത്വ കിണർ നിർമ്മാണം- വാല്യുവേഷൻ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ₹126000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഒളവിലം സർക്കിൾ |
| പ്രോജക്റ്റ് നമ്പർ / പേര് | 71/22 / ശുചിത്വ കിണർ നിർമ്മാണം |
| അടങ്കൽ | ₹2,04,000(വികസന ഫണ്ട്) |
| ചെലവ് | ₹2,04,000 (വികസന ഫണ്ട്) |
| ബിൽ നമ്പർ,തീയതി | 212203520096011 87842,22-2-2022 ₹120000<br>212203520096014 49557,24-3-2022 ₹84000 |

മേൽ പ്രോജക്റ്റ് പ്രകാരം 34 ഗുണഭോക്താക്കൾക്ക് 6000 രൂപ വീതം ശുചിത്വ കിണർ നിർമ്മാണത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി-14-2-18) 6.6.4 പ്രകാരം എഞ്ചിനീയറുടെ വാല്വേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം തുക അനുവദിക്കേണ്ടത്.എന്നാൽ 13 ഗുണഭോക്താക്കളുടെ വാല്വേഷൻ റിപ്പോർട്ട് മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. ബാക്കി 21 ഗുണഭോക്താക്കളുടെ

വാല്വേഷൻ റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 11-11-22 ന് 80ാം നമ്പർ എൻക്വയറിക്ക് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയറുടെ അമിത ജോലിഭാരം കാരണം വാല്വേഷൻ റിപ്പോർട്ട് യഥാസമയം ലഭിച്ചില്ലെങ്കിൽ ഫണ്ട് ചെലവഴിക്കാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കുവാൻ വേണ്ടി നേരിട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചതെന്നും, അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്വേഷൻ റിപ്പോർട്ട് ലഭിക്കുന്നമുറക്ക് ഹാജരാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. വാല്യൂവേഷൻ റിപ്പോർട്ട് ലഭ്യമാക്കാത്തതിനാൽ ₹126000യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിട്ടുമ്പ്രം സർക്കിൾ നടപ്പിലാക്കിയ പദ്ധതികൾ -രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹725000 തടസ്സപ്പെടുത്തുന്നു

വി ഇ ഒ (നിട്ടുമ്പ്രം സർക്കിൾ) നടപ്പാക്കിയ വിവിധ പദ്ധതികളിലെ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1.മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ(ജനറൽ )

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, നിട്ടുമ്പ്രം സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 155/22 മേൽക്കൂര മാറ്റി പുതിയ മേൽക്കൂരനിർമ്മിക്കൽ(ജനറൽ ) (സ്പിൽ ഓവർ) |
| അടങ്കൽ | ₹1,50,000വികസനഫണ്ട് (ജനറൽ ) |
| ചെലവ് | ₹1,50,000 |
| ബിൽ നമ്പർ,തീയതി | 2/22,12.8.21 ₹75000<br>5/22,27.8.21₹75000 |

താഴെ കൊടുത്ത ഗുണഭോക്താവിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വ്യക്തമാക്കുന്ന രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര്, വാർഡ്/ വീട്ട് നമ്പർ | അനുവദിച്ച തുക | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | സരോജിനി.പി ,വാർഡ്-10 | 75000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് |

2.വാസയോഗ്യമല്ലാത്ത വീടുകൾ വാസ യോഗ്യമാക്കൽ (ജനറൽ) സ്പിൽ ഓവർ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ നിട്ടുമ്പ്രം സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 154/22 വാസയോഗ്യമല്ലാത്ത വീടുകൾ വാസ യോഗ്യമാക്കൽ(ജനറൽ) സ്പിൽ ഓവർ |
| അടങ്കൽ | ₹4,00,000വികസനഫണ്ട് (ജനറൽ ) |
| ചെലവ് | ₹4,00,000 |
| ബിൽ നമ്പർ,തീയതി | 1/22,6.8.21₹ 100000<br>6/22, 12.8.21₹100000<br>19/22, 10.2.22 ₹100000<br>20/22, 17.2.22 ₹100000 |

താഴെ കൊടുത്ത ഗുണഭോക്താവിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വ്യക്തമാക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര്, വാർഡ്/ വീട്ട് നമ്പർ | അനുവദിച്ച തുക | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ശ്രീജ എം വി,വാർഡ്-4 | 100000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ല. എഗ്രിമെന്റ് അപൂർണ്ണം |

3.വാസയോഗ്യമല്ലാത്ത വീടുകൾ വാസ യോഗ്യമാക്കൽ (ജനറൽ).

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ നിടുമ്പ്രം സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 54/22 വാസയോഗ്യമല്ലാത്ത വീടുകൾ വാസ യോഗ്യമാക്കൽ(ജനറൽ) |
| അടങ്കൽ | ₹10,00,000വികസനഫണ്ട് (ജനറൽ ) |
| ചെലവ് | ₹10,00,000 |
| ബിൽ നമ്പർ,തീയതി | 11/22,4.1.22 ₹ 100000<br>18/22,10.2.22₹200000<br>23/22,17.2.22 ₹100000<br>28/22,8.3.22 ₹300000<br>31/22,17.3.22 ₹100000<br>33/22,22.3.22 ₹200000 |

താഴെ കൊടുത്ത ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വ്യക്തമാക്കുന്ന രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര്, വാർഡ്/ വീട്ട് നമ്പർ | അനുവദിച്ച തുക | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | നാണി ടി.കെ, വാർഡ്- 9 | 100000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് |
| 2 | സുനില എം കെ വാർഡ്- 3 | 100000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് |

4.വാസയോഗ്യമല്ലാത്ത വീട് വാസ യോഗ്യമാക്കൽ (ആശ്രയ)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ നിടുമ്പ്രം സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 156/22വാസയോഗ്യമല്ലാത്ത വീടുകൾ വാസ യോഗ്യമാക്കൽ (ആശ്രയ) സ്പിൽ ഓവർ |
| അടങ്കൽ | ₹1,50,000വികസനഫണ്ട് (ജനറൽ ) |
| ചെലവ് | ₹1,50,000 |
| ബിൽ നമ്പർ,തീയതി | 3/22, 12.8.21 ₹150000 |

താഴെ കൊടുത്ത ഗുണഭോക്താവ് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വ്യക്തമാക്കുന്ന രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര്, വാർഡ്/ വീട്ട് നമ്പർ | അനുവദിച്ച തുക | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | ശാരദ കെ.ടി.കെ ,വാർഡ്- 7 | 1,50,000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് ഇല്ല. എഗ്രിമെന്റ് അപൂർണ്ണം. |

5. മേൽക്കൂര മാറ്റൽ (എസ് .സി)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ , നിടുമ്പ്രം സർക്കിൾ |
| പ്രോജക്ട് നമ്പർ/പേര് | 169/22 മേൽക്കൂര മാറ്റൽ (എസ് .സി) |
| അടങ്കൽ | ₹ 2,00,000 വികസന ഫണ്ട് (എസ് .സി .പി) |

| | |
|---|---|
| ചെലവ് | ₹ 2,00,000 |
| ബിൽ നമ്പർ,തീയതി | 32/22, 17.3.22 ₹1,00,000<br>21/22, 17.2.22 ₹ 1,00,000 |

താഴെ കൊടുത്ത ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വ്യക്തമാക്കുന്ന രേഖ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം | ഗുണഭോക്താവിന്റെ പേര്, വാർഡ്/ വീട്ട് നമ്പർ | അനുവദിച്ച തുക | ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|
| 1 | അനൂപ് എം.സി ,വാർഡ്- 9 | 1,00,000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് |
| 2 | അജിത കുമാരി കെ.കെ,വാർഡ്- 11 | 1,00,000 | മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് |

ക്രമ നമ്പർ 1,2,3,4,5 പ്രകാരം ധനസഹായം കൈപ്പറ്റിയ മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം വ്യക്തമാക്കുന്ന മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/15.11.22) അസിസ്റ്റന്റ് എഞ്ചിനീയർ ഓഫീസിലെ ജിവനക്കാരുടെ കുറവ് കാരണം വാലുേഷൻ സർട്ടിഫിക്കറ്റ് ലഭിക്കാൻ ഉള്ള കാലതാമസവും, ഫണ്ട് ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥയും, ഒഴിവാക്കുന്നതിന് പണി നേരിൽ കണ്ട് പൂർത്തീകരിച്ചെന്ന് ഉറപ്പാക്കിയാണ് ധനസഹായം അനുവദിച്ചതെന്നാണ് മറുപടിയിൽ വിശദമാക്കിയത് . രേഖകൾ ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ പരാമർശിച്ച രേഖകളുടെ അഭാവത്തിൽ ചെലവ് തുക ₹725000 തടസ്സപ്പെടുത്തുന്നു.രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-18 ലൈഫ് ഭവന പദ്ധതി(എസ്.സി/എസ്.ടി ഫിഷറീസ്) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നിട്ടുമ്പ്രം സർക്കിൾ |
| പ്രോജക്ട് നമ്പർ / പേര് | 157/22 ) ലൈഫ് ഭവന പദ്ധതി(എസ്.സി എസ്.ടി ഫിഷറീസ്) സ്പിൽ ഓവർ |
| അടങ്കൽ | ₹162253(വികസന ഫണ്ട്)<br>₹500000(സംസ്ഥാന വിഹിതം)<br>₹600000(ബ്ലോക്ക് പഞ്ചായത്ത്)<br>₹500000(ജില്ലാ പഞ്ചായത്ത്) |
| ആകെ അടങ്കൽ | 1762253 |
| ചെലവ് | ₹ 162253 (വികസന ഫണ്ട്)<br>₹40000 (സംസ്ഥാന വിഹിതം)<br>₹482207(ബ്ലോക്ക് പഞ്ചായത്ത്) |
| ആകെ ചെലവ് | 684460 |
